"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്- സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പ്രഥമ ഡയറക്ടറായിരുന്ന ഡോ. ഉണ്ണി ശിവരാമൻ നായരോടുള്ള ആദര സൂചകമായി സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ പരിശീലന സ്ഥാപനമായ SASA പ്രവർത്തിക്കുന്ന കെട്ടിടത്തിന് അദ്ദേഹത്തിന്റെ പേര് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ(ബി)വകുപ്പ്**

സ.ഉ.(സാധാ) നം.69/2025/P&EA    തീയതി,തിരുവനന്തപുരം, 25-02-2025

---

പരാമർശം:- 1. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 11.11.2024, 02.07.2024 തീയതിയിലെ ഡിഇഎസ്/2599/2024-DDU1 നമ്പർ കത്ത്.

2. കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ സെക്രട്ടറിയുടെ 27.01.2025 തീയതിയിലെ എസ്/09/2025/കെ.എസ്.എസ്.സി നമ്പർ കത്ത്.

**ഉത്തരവ്**

ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സിന്റെ പിതാവായ പ്രൊഫ. പി.സി. മഹലനോബിസിന്റെ ജന്മദിനമായ ജൂൺ 29 ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനമായി രാജ്യവ്യാപകമായി ആചരിക്കുന്ന മാതൃകയിൽ, സംസ്ഥാനത്തെ ആദ്യ സ്റ്റാറ്റിസ്റ്റിഷ്യനും, സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പ്രഥമ ഡയറക്ടറുമായ ഡോ. ഉണ്ണി ശിവരാമൻ നായർ (ഡോ. യു. എസ്. നായർ) സംസ്ഥാനത്തെ സ്റ്റാറ്റിസ്റ്റിക്സ് രംഗത്ത് നൽകിയ സംഭാവനകൾ പരിഗണിച്ച് അദ്ദേഹത്തിന്റെ ജന്മദിനമായ ജനുവരി 22 കേരള സ്റ്റാറ്റിസ്റ്റിക്സ് ദിനമായി ആചരിക്കുന്നതിന് അനുമതി നൽകണമെന്ന് സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. ഡോ. ഉണ്ണി ശിവരാമൻ നായരുടെ സ്റ്റാറ്റിസ്റ്റിക്സ് മേഖലയിലെ സംഭാവനകൾ പരിഗണിച്ച് അദ്ദേഹത്തോടുള്ള ആദരസൂചകമായി വകുപ്പിന്റെ പരിശീലന സ്ഥാപനമായ SASA (State Academy on Statistical Administration) പ്രവർത്തിക്കുന്ന

കെട്ടിടത്തിന് അദ്ദേഹത്തിന്റെ പേര് നൽകുന്നത് അഭികാമ്യമായിരിക്കുമെന്നും പരാമർശം (2) പ്രകാരം കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ചെയർമാൻ അഭിപ്രായപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പ്രഥമ ഡയറക്ടറായിരുന്ന ഡോ. ഉണ്ണി ശിവരാമൻ നായർ സംസ്ഥാനത്തെ സ്റ്റാറ്റിസ്റ്റിക്സ് രംഗത്തിന് നൽകിയ സംഭാവനകൾ പരിഗണിച്ച് അദ്ദേഹത്തോടുള്ള ആദരസൂചകമായി വകുപ്പിന്റെ പരിശീലന സ്ഥാപനമായ **SASA (State Academy on Statistical Administration)** പ്രവർത്തിക്കുന്ന കെട്ടിടത്തിന് അദ്ദേഹത്തിന്റെ പേര് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മനോജ് കെ എസ്
അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം.
2. സെക്രട്ടറി, കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി (PLGEA-B3/107/2024-PLGEA)

ഉത്തരവിൻ പ്രകാരം

Signed by
Anu Surendran
Date: 25-02-2025 16:28:12
സെക്ഷൻ ഓഫീസർ